ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഓസ്ട്രേലിയയിൽ എത്തി ; ഇന്ത്യ-ഓസ്ട്രേലിയ സി.ഇ.ഒ ഫോറത്തിൽ പ്രധാനമന്ത്രി പങ്കെടുത്തു.

   **Prime Minister Narendra Modi arrived in Australia on a three-day visit; PM participated in the India-Australia CEO Forum.**

2. കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ബ്രിക്സ് വനിതാ മന്ത്രിതല യോഗം ഇന്ന് കൊച്ചിയിൽ സമാപിക്കും ; 'സംയുക്ത വനിതാ മന്ത്രിതല പ്രമേയത്തിന്റെ കരട്' അവതരിപ്പിക്കും.

   **The BRICS Women Ministers' Meeting, organised by the Union Ministry of Women and Child Development, will conclude today in Kochi. The draft of the Joint Declaration will be presented.**

3. വയനാട് ദുരന്തത്തിൽ കാണാതായവർക്കായി തിരച്ചിൽ തുടരുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ ; ശാസ്ത്രീയ പരിശോധനയ്ക്കും നിയമപരമായ നടപടികൾക്കും തീരുമാനം.

   **Chief Minister V. D. Satheesan has said that the search for those missing in the Wayanad disaster will continue ; Decision has been taken to carry out scientific examinations and initiate legal procedures.**

4. ഇറാനെതിരെ വീണ്ടും ശക്തമായ വ്യോമാക്രമണവുമായി അമേരിക്ക ; ശക്തമായി അപലപിച്ച് ഇന്ത്യ.

US launches another major airstrike against Iran; India strongly condemns the attack.

5. **കേരളത്തിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത ; മലപ്പുറം മുതൽ കാസർഗോഡ് വരെ മഞ്ഞ ജാഗ്രത ; കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക്.**

Heavy rainfall is likely in Keralam today. Yellow Alert has been issued in districts from Malappuram to Kasaragod. Fishing has been banned today along the Keralam, Karnataka and Lakshadweep coasts.

6. **ഫിഫ ലോകകപ്പ് ഫുട്ബോൾ ആദ്യ ക്വാർട്ടർ ഫൈനലിൽ ഫ്രാൻസ് ഇന്ന് രാത്രി മൊറോക്കോയെ നേരിടും.**

France will take on Morocco tonight in the first quarter-final of the FIFA World Cup.

********************************

## PM – AUSTRALIA VISIT (INTRO)

മൂന്ന് ദിവസത്തെ സന്ദർശനത്തിനായ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഓസ്ട്രേലിയയിൽ എത്തി. ഇന്ത്യ-ഓസ്ട്രേലിയ സി.ഇ.ഒ ഫോറത്തിൽ പ്രധാനമന്ത്രി പങ്കെടുത്തു. ഇന്ത്യ-ഓസ്ട്രേലിയ സമഗ്ര തന്ത്രപ്രധാന പങ്കാളിത്തത്തിന് പുതിയ ഊർജ്ജം പകർന്നുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബനീസും തമ്മിലുള്ള വാർഷിക ഉച്ചകോടി ഇന്ന് മെൽബണിൽ നടക്കും. **വിശദാംശങ്ങളിലേക്ക്……….**

**(ഹോൾഡ് വോയ്സ്……..)**

## PM – AUSTRALIA VISIT (VOICE)

വ്യാപാരം, പ്രതിരോധം, തന്ത്രപ്രധാന സാങ്കേതികവിദ്യകൾ, വിദ്യാഭ്യാസം, ഇരുരാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവ ശക്തമാക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചാകും ചർച്ച.

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഇന്തോനേഷ്യയിലെ പര്യടനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ വൈകുന്നേരം മെൽബണിൽ എത്തിയത്. ഇരുരാജ്യങ്ങളിലെയും പ്രമുഖ വ്യവസായ നേതാക്കളുമായി കൂടിക്കഴ്ച നടത്തുന്ന പ്രധാനമന്ത്രി മെൽബണിലെ ഇന്ത്യൻ സമൂഹത്തെയും അഭിസംബോധന ചെയ്യും. മെൽബണിൽ തനിക്ക് ലഭിച്ച ഉജ്ജ്വലമായ സ്വീകരണത്തിന് പ്രധാനമന്ത്രി ഇന്ത്യൻ സമൂഹത്തോട് നന്ദി പറഞ്ഞു. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ പ്രധാനമന്ത്രി നടത്തുന്ന മൂന്നാമത്തെ ഓസ്ട്രേലിയൻ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലുണ്ടായ പുരോഗതിയെയാണ് വ്യക്തമാക്കുന്നതെന്ന് ഓസ്ട്രേലിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ നഗേഷ് സിംഗ് അഭിപ്രായപ്പെട്ടു. ന്യൂസ് ഡെസ്ക് ആകാശവാണി

*******************************

## VP-ODISHA VISIT

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ഇന്ന് ഒഡീഷയിലെ ഭുവനേശ്വർ സന്ദർശിക്കും. ഒഡീഷ കാർഷിക സാങ്കേതിക സർവകലാശാലയിൽ, സുസ്ഥിര ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അനുമതി പത്രങ്ങൾ വിതരണം ചെയ്യുന്ന ദേശീയ ലോഞ്ചിംഗ് പരിപാടിയിൽ അദ്ദേഹം മുഖ്യാതിഥിയാകും. ചടങ്ങിൽ 'ഒഡീഷ ഡീപ് സീ ഫിഷിംഗ് മിഷൻ' രേഖയും ഉപരാഷ്ട്രപതി പ്രകാശനം ചെയ്യും. തുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിന്റെ 15-ാമത് ബിരുദദാന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

*******************************

## INDIA-MYANMAR MEET

23-ാമത് ഇന്ത്യ-മ്യാൻമർ ദേശീയ ഉന്നതതല യോഗം ന്യൂഡൽഹിയിൽ സമാപിച്ചു. രണ്ടു ദിവസം നീണ്ടുനിന്ന ചർച്ചകളിൽ ഉഭയകക്ഷി സുരക്ഷാ സഹകരണം, നിലവിലെ ചർച്ചാ സംവിധാനങ്ങളുടെ പുരോഗതി എന്നിവ വിലയിരുത്തി. ഭീകരവാദം,

അതിർത്തി കടന്നുള്ള കുറ്റകൃത്യങ്ങൾ, മയക്കുമരുന്ന് , ആയുധങ്ങൾ എന്നിവയുടെ കടത്ത്, മനുഷ്യക്കടത്ത്, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവ തടയുന്നതിൽ സംയുക്തമായി സഹകരിക്കാൻ ഇരുരാജ്യങ്ങളും തീരുമാനിച്ചു.

******************************

## BRICS MEETING

ഇന്ത്യയുടെ അധ്യക്ഷതയിൽ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ബ്രിക്സ് വനിതാ മന്ത്രിതല യോഗം ഇന്ന് കൊച്ചിയിൽ സമാപിക്കും. വനിതാ പ്രവർത്തക സമിതി യോഗത്തിന് ശേഷമാണ് ബുധനാഴ്ച്ച മന്ത്രിതല യോഗം ആരംഭിച്ചത്. സംയുക്ത പ്രഖ്യാപനത്തിന്റെ കരട് രൂപത്തിന്മേൽ വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ ചർച്ചകൾ നടത്തിയിരുന്നു. സമാപന ദിവസമായ ഇന്ന് 'സംയുക്ത വനിതാ മന്ത്രിതല പ്രമേയത്തിന്റെ കരട് അവതരിപ്പിക്കും.

******************************

## BINDHU KRISHNA – MEMORANDAM

കേന്ദ്ര വനിതാ-ശിശു വികസന വകുപ്പ് മന്ത്രി അന്നപൂർണ്ണ ദേവിയെ സന്ദർശിച്ച് സംസ്ഥാനത്തിനുള്ള കേന്ദ്ര സഹായം ഉറപ്പാക്കണമെന്ന് മന്ത്രി ബിന്ദു കൃഷ്ണ അഭ്യർത്ഥിച്ചു. വകുപ്പിന്റെ വിവിധ ആവശ്യങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം ശ്രീമതി ബിന്ദു കൃഷ്ണ കേന്ദ്രമന്ത്രിക്ക് കൊച്ചിയിൽ കൈമാറി. വനിതാ-ശിശുവികസന വകുപ്പിന് ലഭിക്കേണ്ട കുടിശികയുള്ള കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കണം എന്നും മന്ത്രി ആവശ്യപെട്ടു.

******************************

## NTA-CSIR EXAM SLIP

നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഈ മാസം 17, 18 തീയതികളിൽ നടക്കാനിരിക്കുന്ന C.S.I.R യു.ജി.സി നെറ്റ് പരീക്ഷയുടെ അഡ്വാൻസ് സിറ്റി ഇൻറിമേഷൻ സ്ലിപ്പ് പുറത്തുവിട്ടു. പരീക്ഷാ

കേന്ദ്രം ഏത് നഗരത്തിലാണെന്ന് അറിയാൻ csirnet.nta.nic.in എന്ന വെബ്സൈറ്റിൽ നിന്നും പരീക്ഷാർത്ഥികൾക്ക് സ്ലിപ്പുകൾ ഡൗൺലോഡ് ചെയ്യാം.

*******************************

## DRDO – PINAKA ROCKET

പിനാക ദീർഘദൂര ഗൈഡഡ് റോക്കറ്റ് DRDO വിജയകരമായി പരീക്ഷിച്ചു. ഒഡീഷയിലെ ചാന്ദിപ്പൂരിലുള്ള ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിലായിരുന്ന പരീക്ഷണ വിക്ഷേപണം. ആർമമെൻറ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് എസ്റ്റാബ്ലിഷ്മെൻറ്, ഹൈ എനർജി മെറ്റീരിയൽസ് റിസർച്ച് ലബോറട്ടറി എന്നിവയുടെ സഹകരണത്തോടെയാണ് പിനാക ദീർഘദൂര ഗൈഡഡ് റോക്കറ്റ് വികസിപ്പിച്ചിരിക്കുന്നത്. പരീക്ഷണം വിജയത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് DRDO-യെ അഭിനന്ദിച്ചു.

*******************************

## IMF INDIA GROWTH

ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥ എന്ന പദവി നിലനിർത്തി കൊണ്ട് ഇന്ത്യ ഈ വർഷം 7 ശതമാനം സാമ്പത്തിക വളർച്ച കൈവരിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധി. ഐ.എം.എഫ് പുറത്തുവിട്ട ഏറ്റവും പുതിയ 'വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് അപ്ഡേറ്റ് റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. ചൈന ഈ വർഷം 4.6 ശതമാനവും അമേരിക്ക 2.3 ശതമാനവും നിരക്കിൽ വളർച്ച കൈവരിക്കും.

*******************************

## INDIA – RUSSIA

ഐക്യരാഷ്ട്രസഭ, ബ്രിക്സ്, യൂറേഷ്യൻ ഗ്രൂപ്പ്, ഷാങ്ഹായ് സഹകരണ സംഘടന തുടങ്ങിയ വേദികളിൽ ഭീകരവിരുദ്ധ സഹകരണം കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രതിബദ്ധത ആവർത്തിച്ച്

ഇന്ത്യയും റഷ്യയും. ന്യൂഡൽഹിയിൽ ചേർന്ന ഇന്ത്യ-റഷ്യ സംയുക്ത ഭീകരവിരുദ്ധ പ്രവർത്തകസമിതിയുടെ 14-ാമത് യോഗത്തിലാണ് ഇരുരാജ്യങ്ങളും നിലപാട് വ്യക്തമാക്കിയതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അതിർത്തി കടന്നുള്ള ഭീകരവാദം ഉൾപ്പെടെ എല്ലാ തരത്തിലുള്ള ഭീകരതയേയും ഇരു രാജ്യങ്ങളും ശക്തമായി അപലപിച്ചു.

*******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

*******************************

## RAIN-KERALAM

കേരളത്തിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്.

*******************************

## CM WAYANAD

വയനാട് ദുരന്തത്തിൽ കാണാതായവർക്കായി തിരച്ചിൽ തുടരുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. ഇന്ന് പുഴയിലേക്ക് കൂടി തിരച്ചിൽ വ്യാപിപ്പിക്കുമെന്നും കള്ളാടി ദുരന്തത്തിൻറെ അവലോകനയോഗത്തിന് ശേഷം വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. സൂക്ഷ്മപരിശോധനയ്ക്ക് ശേഷം മാത്രമേ തുടർ

നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുകയുള്ളൂ എന്ന് മുഖ്യമന്ത്രി അറിയിച്ചു.

******************************

## SPECIAL TRAINS- ONAM (INTRO)

ഓണത്തോടനുബന്ധിച്ച് ദക്ഷിണ റെയിൽവേ ഏർപ്പെടുത്തുന്ന സ്പെഷൽ ട്രെയിനുകൾക്കായുള്ള റിസർവേഷൻ ഇന്ന് രാവിലെ എട്ടു മണിക്ക് ആരംഭിക്കും. മൂന്നു സ്പെഷൽ ട്രെയിനുകളുടെ വിവരങ്ങളാണ് റെയിൽവേ പ്രഖ്യാപിച്ചിട്ടുള്ളത്.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയ്സ്)

******************************

## OPERATION THOOFAN

ഓപ്പറേഷൻ തൂഫാന് പിന്തുണ തേടി കർണാടക മുഖ്യമന്ത്രി ഡി.കെ ശിവകുമാറുമായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല കൂടിക്കാഴ്ച നടത്തി. ലഹരി മരുന്നുകളുടെ വിൽപ്പനയ്ക്കും വ്യാപനത്തിനും എതിരെ സംസ്ഥാന ആഭ്യന്തരവകുപ്പ് ആരംഭിച്ച ഓപ്പറേഷൻ തൂഫാന് കർണാടക സർക്കാരിന്റെ പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് ശ്രീ ശിവകുമാർ പറഞ്ഞു. അതെസമയം, ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡിജിപിമാരുടെ യോഗം നാളെ ചേരും. തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്താണ് യോഗം.

******************************

## FIFA

ലോകകപ്പ് ഫുട്ബോളിലെ ആവേശപ്പോരാട്ടം അവസാന എട്ടിലേക്ക്. ഇന്ത്യൻ സമയം ഇന്നു രാത്രി 1.30-ന് ബോസ്റ്റൺ സ്റ്റേഡിയത്തിൽ

നടക്കുന്ന ആദ്യ ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ മുൻ ചാമ്പ്യന്മാരായ ഫ്രാൻസ് ആഫ്രിക്കൻ കരുത്തരായ മൊറോക്കോയെ നേരിടും. അടുത്ത ദിവസങ്ങളിൽ സ്പെയിൻ ബെൽജിയത്തെയും, ഇംഗ്ലണ്ട് നോർവേയെയും, നിലവിലെ ചാമ്പ്യന്മാരായ അർജന്റീന സ്വിറ്റ്സർലൻഡിനെയും നേരിടും. ഈ മാസം 15, 16 തീയതികളിലാണ് സെമി ഫൈനൽ. 20-നാണ് ഫുട്ബോൾ ലോകം കാത്തിരിക്കുന്ന കലാശപ്പോരാട്ടം.

******************************

## US-IRAN-STRIKES (INTRO)

ഇറാനെതിരെ വീണ്ടും ശക്തമായ വ്യോമാക്രമണവുമായി അമേരിക്ക. ഇതോടെ പശ്ചിമേഷ്യ വീണ്ടും യുദ്ധഭീതിയിലായി. യു.എസ് വ്യോമാക്രണങ്ങളെ ഇന്ത്യ ശക്തമായി അപലപിച്ചു. നയതന്ത്ര ചർച്ചകളിലൂടെ പ്രശ്നപരിഹാരം കണ്ടെത്തണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. **വിശദാംശങ്ങളിലേക്ക്...**

**(വോയ്സ്...)**

## US-IRAN-STRIKES-(VOICE)

ഇരുരാജ്യങ്ങളും തമ്മിലുള്ള താല്ക്കാലിക വെടിനിർത്തൽ കരാർ അവസാനിച്ചതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചതിനു പിന്നാലെയാണ് ഇറാനെതിരെ യുഎസ് സൈന്യം വീണ്ടും ശക്തമായ വ്യോമാക്രമണം നടത്തിയത്. ബുഷെഹർ, ഛബഹാർ, ബന്ദർ അബ്ബാസ്, സിരിക്, ജാസ്ക്, അബു മൂസ ദ്വീപ് ഉൾപ്പെടെയുള്ള തന്ത്രപ്രധാന തീരദേശ നഗരങ്ങളിലാണ് യുഎസ് പോർവിമാനങ്ങൾ ബോംബിട്ടത്. ഛബഹാറിൽ വൈദ്യുതി ബന്ധം പൂർണ്ണമായി വിച്ഛേദിക്കപ്പെട്ടു. ഹോർമുസ് കടലിടുക്കിലൂടെ പോകുന്ന കപ്പലുകൾക്ക് നേരെ ഇറാൻ നടത്തിയ ആക്രമണങ്ങൾക്കുള്ള മറുപടിയാണ് ഈ സൈനിക നടപടിയെന്ന് അമേരിക്ക വ്യക്തമാക്കി. ഇറാന് ശക്തമായ തിരിച്ചടി നൽകുമെന്ന് പ്രഖ്യാപിച്ച ട്രംപ്, ഇത് പൂർണ്ണമായ യുദ്ധത്തിലേക്ക് വഴിമാറില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഭീഷണിക്ക് വഴങ്ങില്ലെന്നും ശക്തമായ

തിരിച്ചടി ഉണ്ടാകുമെന്നും ഇറാൻ മുന്നറിയിപ്പ് നൽകി. അതേസമയം, അമേരിക്കയും ഇസ്രയേലും ചേർന്നു നടത്തിയ സംയുക്ത ആക്രമണത്തിന്റെ ആദ്യദിവസം കൊല്ലപ്പെട്ട ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയിയുടെ ഭൗതികശരീരം ഇന്ന് ജന്മനാടായ മഷാദിൽ സംസ്കരിക്കും.
**ന്യൂസ് ഡെസ്ക്, ആകാശവാണി.**

*********************************

## CRICKET-T20 I-INDIA

ഇന്ത്യ-ഇംഗ്ലണ്ട് ട്വൻറി -20 പരമ്പരയിലെ നാലാം മത്സരം ഇന്ന് രാത്രി ബ്രിസ്റ്റോളിലെ കൗണ്ടി ഗ്രൗണ്ടിൽ നടക്കും. ഇന്ത്യൻ സമയം രാത്രി 10 മണിക്കാണ് മത്സരം ആരംഭിക്കുന്നത്. പരമ്പരയിൽ ഒറ്റ ജയം പോലുമില്ലാത്ത ഇന്ത്യക്ക് ഇന്ന് ജയം അനിവാര്യമാണ്. ബാറ്റിങ് നിരയുടെ തുടർച്ചയായ പരാജയം ഇന്ത്യയ്ക്ക് തിരിച്ചടിയാകുന്ന സാഹചര്യത്തിൽ, സഞ്ജു സാംസൺ ഇന്നത്തെ പ്ലേയിങ് ഇലവനിലേക്ക് മടങ്ങിയെത്തുമോ എന്നാണ് ആരാധകർ ഉറ്റുനോക്കുന്നത്.

*********************************

## WIMBLEDON JUNIORS - ARNAV PAPARKAR

വിംബിൾഡൺ ജൂനിയർ ടെന്നീസിൽ ചരിത്രനേട്ടവുമായി ഇന്ത്യയുടെ അർണവ് പാപർക്കർ ക്വാർട്ടർ ഫൈനലിൽ കടന്നു. പ്രീ-ക്വാർട്ടറിൽ ജപ്പാന്റെ റിയോ തബാത്തയെ നേരിട്ടുള്ള സെറ്റുകൾക്ക് തകർത്താണ് പതിനെട്ടുകാരനായ അർണവ് അവസാന എട്ടിൽ ഇടംപിടിച്ചത്. 36 വർഷത്തിന് ശേഷമാണ് ആൺകുട്ടികളുടെ സിംഗിൾസിൽ ഒരു ഇന്ത്യൻ താരം ഈ നേട്ടം സ്വന്തമാക്കുന്നത്. ഇന്ന് വൈകിട്ട് 5 മണിക്ക് നടക്കുന്ന ക്വാർട്ടർ ഫൈനലിൽ അമേരിക്കയുടെ ജോർദാൻ ലീയാണ് അർണവിന്റെ എതിരാളി.

**********************************************************************************
**********************